# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ.423 05.02.2014-ൽ മറുപടിക്ക്

<u>വികേന്ദ്രീകൃത ആസൂത്രണം ശക്തിപ്പെടുത്തുന്നതിന് നടപടി</u>

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.വി.ചെന്താമരാക്ഷൻ | | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | വികേന്ദ്രീകൃത ആസൂത്രണം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | വികേന്ദ്രീകൃത ആസൂത്രണം ശക്തിപ്പെടുത്തുന്ന വിധമാണ് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ അടിസ്ഥാന യൂണിറ്റുകളായ ഗ്രാമസഭകൾ ശാക്തീകരിക്കുന്നതിന് മന്ത്രിയുടെ നേതൃത്വത്തിൽ ഗ്രാമയാത്രകൾ സംഘടിപ്പിച്ചു വരുന്നു. പ്രാദേശിക ഭരണ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനുമുള്ള വേദിയായ ഗ്രാമസഭകൾക്ക് ആസ്ഥാനമില്ലെന്ന പരിമിതി മറികടക്കുന്നതിനായി എല്ലാ വാർഡുകളിലും "സേവാഗ്രാം"എന്ന പേരിൽ ഗ്രാമകേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടി ആരംഭിക്കുകയും പ്രവർത്തന മാർഗ്ഗരേഖയുടെ കരട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വാർഡിലെ വികസന സേവന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള കേന്ദ്രമായി സേവാഗ്രാമുകൾ പ്രവർത്തിക്കുന്നതുമാണ്. |
| (ബി) | ഇതുവരെ സ്വീകരിച്ച നടപടികളിലെ വീഴ്ചകളും പോരായ്മകളും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. എല്ലാ ജില്ലകളിലേയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും സെക്രട്ടറിമാരുടെയും പ്രതിമാസ അവലോകന യോഗങ്ങളിൽ ഓരോ ഗ്രാമപഞ്ചായത്തുകളുടെയും പദ്ധതി നിർവ്വഹണ അവലോകനം നടത്തി |

വരുന്നു. പഞ്ചായത്ത് ഡയറക്ടർ ഓരോ ജില്ലകളിലെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രതി മാസ അവലോകന യോഗങ്ങളിൽ ഓരോ ജില്ലകളുടെയും പദ്ധതി നിർവ്വഹണ അവലോകനം നടത്തി വരുന്നു. കൂടാതെ പഞ്ചായത്ത് ഡയറക്ടർ നേരിട്ട് തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ പദ്ധതി നിർവ്വഹണ അവലോകന യോഗം നടത്തിയിട്ടുണ്ട്. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി നേരിട്ട് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരെയും സെക്രട്ടറിമാരെയും പങ്കെടുപ്പിച്ചു കൊണ്ട് പദ്ധതി നിർവ്വഹണ അവലോകന യോഗം നടത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ആഴ്ചയിലും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം കൂടി പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം നടത്തുന്നുണ്ട്. നഗരസഭാ തലത്തിലുള്ള പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി എല്ലാ മാസവും മേഖലാതലത്തിലും സംസ്ഥാന തലത്തിലും അവലോകനം നടത്തുന്നുണ്ട്. കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണം സംബന്ധിച്ച് വിലയിരുത്തുന്നതിനുവേണ്ടി ഒരു അന്തർദേശീയ സമ്മേളനം നടത്തുകയുണ്ടായി.

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള സോഷ്യൽ ഓഡിറ്റിനെ ശക്തിപ്പെടുത്താൻ തയ്യാറാകുമോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | സോഷ്യൽ ഓഡിറ്റ് സംവിധാനം ശക്തമാക്കുവാനും ആയതിലേക്ക് വേണ്ടി വിശദമായ മാർഗ്ഗരേഖയും നടപടി ക്രമങ്ങളും തയ്യാറാക്കുന്നതിനുള്ള തീരുമാനം 12-ാം പഞ്ചവൽസര പദ്ധതി ആസൂത്രണം മാർഗ്ഗരേഖ വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസ്.